പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 463 11.12.2012 -ലെ മറുപടി

## കെ.എസ്.ആർ.ടി.സി. ലോ ഫ്ളോർ ബസ്സുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. അജിത് | | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി. ഇതുവരെ എത്ര ലോ ഫ്ളോർ (എ.സി. & നോൺ എ. സി. തിരിച്ച്) ബസുകൾ വാങ്ങിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | കെ.എസ്.ആർ.ടി.സി. ഇതുവരെ ജൻറം പദ്ധതിയിൽപെട്ട 74 ലോ ഫ്ളോർ എ.സി. ബസ്സുകളും 238 നോൺ എ.സി. ലോ ഫ്ളോർ ബസ്സുകളും വാങ്ങിയിട്ടുണ്ട്. |
| (ബി) | ലോ ഫ്ളോർ ബസുകൾ വാങ്ങുന്നതിന് എത്ര ശതമാനം തുകയാണ് കേന്ദ്ര ധനസഹായമായി ലഭിക്കുന്നത്; | (ബി) | ലോ ഫ്ളോർ ബസ്സുകൾ വാങ്ങുന്നതിന് 80%, 50% യഥാക്രമം തിരുവനന്തപുരം, എറണാകുളം നഗരങ്ങൾക്കായി ലഭിച്ചിരിക്കുന്നത്. |
| (സി) | സംസ്ഥാനത്ത് സർവ്വീസ് നടത്തുന്ന ലോ ഫ്ളോർ ബസ്സുകളിൽ എത്ര ബസ്സുകളാണ് ലാഭത്തിൽ പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (സി) | ഓരോ ബസ്സിന്റെയും ലാഭം കണക്കാക്കുന്നതിന് സാങ്കേതിക ബുദ്ധിമുട്ടുണ്ട്. മൊത്തം സർവ്വീസ്സുകളെ ഒരുമിച്ച് കണക്കാക്കുമ്പോൾ പ്രതിമാസം ഒരു കോടി രൂപയുടെ നഷ്ടമുണ്ടാകുന്നുണ്ട്. എന്നാൽ ഓരോ സർവ്വീസിന്റെയും വരുമാനം വർദ്ധിപ്പിക്കുന്നതിന് സൂക്ഷ്മ പരിശോധന നടത്തുന്നുണ്ട്. |
| (ഡി) | അന്തർ ജില്ലാ തലങ്ങളിലേക്ക് സർവ്വീസ് നീട്ടിയ ലോ ഫ്ളോർ ബസുകളെല്ലാം ലാഭകരമാണോ എന്നും ഇതിൽ ഏറ്റവും കൂടുതൽ കളക്ഷൻ ഏത് റൂട്ടിലാണ് ലഭിക്കുന്നതെന്നും വ്യക്തമാക്കുമോ; | (ഡി) | അന്തർ ജില്ലാ തലങ്ങളിലേയ്ക്ക് സർവ്വീസ് നീട്ടിയ ലോ ഫ്ളോർ ബസ്സുകളുടെ വരുമാനം നിരീക്ഷിച്ചു കൊണ്ടിരിക്കുകയാണ്. ഇതിൽ ഏറ്റവും കൂടുതൽ കളക്ഷൻ ലഭിക്കുന്നത് തിരുവനന്തപുരം– |

| | | | |
|---|---|---|---|
| | | | എറണാകുളം, എറണാകുളം - കോട്ടയം റൂട്ടിലാണ്. |
| (ഇ) | നഷ്ടത്തിൽ സർവ്വീസ് നടത്തുന്ന ലോ ഫ്ളോർ ബസ്സുകൾ ലാഭത്തിലാക്കുന്നതിന് കൂടുതൽ അന്തർ ജില്ലാ ബസ് സർവ്വീസുകൾ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; | (ഇ) | ഇക്കാര്യം പരിശോധിക്കുന്നതാണ്. |
| (എഫ്) | ലോ ഫ്ളോർ ബസ് സർവ്വീസ് പുതുതായി തുടങ്ങിയ കോട്ടയം-എറണാകുളം റൂട്ടിൽ കൂടുതൽ ബസ്സുകൾ അനുവദിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ? | (എഫ്) | ഇക്കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ